ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 13.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) എയർ ഇന്ത്യ വിമാനാപകടത്തിൽ പരിക്കേറ്റവരെ സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.വാക്കുകൾക്ക് അതീതമായ ദുരന്തമാണ് അഹമ്മദാബാദിൽ നടന്നതെന്ന് പ്രധാനമന്ത്രി.

**PM Modi visits Ahmedabad crash site, meets survivors of deadly Air India tragedy. He said, the loss of so many lives in such a sudden and heartbreaking manner is beyond words.**

2) വിമാന അപകടത്തിൽ എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു. വിമാന ദുരന്തത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും മന്ത്രി വീണാ ജോർജും.

**Aircraft Accident Investigation Bureau initiates probe into Air India plane crash in Ahmedabad. MoS Suresh Gopi and Kerala Minister Veena George said that steps are being expedited to bring the body of the Pathanamthitta native who died in plane crash.**

3) ഇറാൻ ആണവ പദ്ധതി ലക്ഷ്യമിട്ട്
ഇസ്രായേൽ അപ്രതീക്ഷിത ആക്രമണം നടത്തി. പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യങ്ങൾ കൂടുതൽ കലുഷിതമാവാൻ സാധ്യത. സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് ഇന്ത്യ.

**Israel launched unprecedented strikes on Iran last night, targeting its nuclear program and senior military leaders. India expresses concern over Iran-Israel developments, urges avoidance of escalatory steps**

4) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് ആറ് ദിവസം മാത്രം ശേഷിക്കെ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Political parties intensified campaigns in Nilambur With just six days remaining for byelection.**

5) കേരളത്തിൽ കാലവർഷം സജീവം. അടുത്ത നാല് ദിവസം കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് മുന്നറിയിപ്പ്.

**IMD predicts very heavy rainfalls and strong winds in Kerala over the next four days.**

************************

**DAY. PM-GUJARAT VISIT**

എയർ ഇന്ത്യ വിമാനാപകടത്തിൽ പരിക്കേറ്റവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഹമ്മദാബാദ് സിവിൽ ആശുപത്രിയിൽ സന്ദർശിച്ചു. വിമാനാപകടം നടന്ന സ്ഥലം സന്ദർശിച്ച് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി. വാക്കുകൾക്ക് അതീതമായ ദുരന്തമാണ് അഹമ്മദാബാദിൽ ഇന്നലെ നടന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. അപകടത്തിനിരയായവരുടെ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലയോഗം

ചേർന്നു. വിമാനാപകടത്തിൽ യാത്രക്കാരും ജീവനക്കാരും ഉൾപ്പടെ 241 പേർ മരിച്ചതായി എയർ ഇന്ത്യ സ്ഥിരീകരി ച്ചിരുന്നു. 169 ഇന്ത്യൻ പൗരന്മാരും 53 ബ്രിട്ടീഷ് പൗരന്മാരും ഏഴ് പോർച്ചുഗീസ് പൗരന്മാരും ഒരു കനേഡിയൻ പൗരനും 12 ജീവനക്കാരുമാണ് അഹമ്മദാബാദിൽ നിന്ന്

ലണ്ടനിലേക്ക് പോവുകയായിരുന്ന AI 171 വിമാനത്തിലുണ്ടായിരുന്നത്. ഗുജറാത്തിലെ അഹമ്മദാബാദ് വിമാനത്താവളത്തിൽ നിന്ന് ഇന്നലെ ഉച്ചതിരിഞ്ഞ് 1.38 ന് പറന്നുയർന്ന വിമാനം നിമിഷങ്ങൾക്കകം താഴെവീണ് തക രുകയായിരുന്നു. അഹമ്മദാബാദിലെ ബി ജെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ

കെട്ടിടത്തിലേക്കാണ് ഇടിച്ചു കയറിയത്. ഗുജറാത്ത് മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ വിജയ് രൂപാണിയും വിമാനാപകടത്തിൽ മരിച്ചവരിൽ ഉൾപ്പെടുന്നു. എയർ ഇന്ത്യാ വിമാനത്തിലുണ്ടായിരുന്ന 242 പേരിൽ, ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പൗരൻ വിശ്വാസ് കുമാർ രമേശ് മാത്രമാണ് രക്ഷപ്പെട്ടത്. അദ്ദേഹം ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്. പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരും വിമാനദുരന്തത്തിൽ മരണമടഞ്ഞവരിൽ ഉൾപ്പെടുന്നു. ലണ്ടനിൽ നഴ്സായി ജോലി ചെയ്തിരുന്ന രഞ്ജിത, അവധിക്ക് ശേഷം മടങ്ങുമ്പോഴാണ് അപകടത്തിൽപെട്ടത്. വിമാനം തകർന്നു വീണ പ്രദേശത്തുണ്ടായിരുന്ന ഇരുപതിലേറെ പേർക്കും ജീവൻ നഷ്ടമായി. ഇവരിൽ നാലു പേർ ബി ജെ മെഡിക്കൽ കോളേജിലെ എംബിബിഎസ് വിദ്യാർത്ഥികളാണ്. അപകടം ഉണ്ടായ ഉടൻ തന്നെ വിവിധ സുരക്ഷാ ഏജൻസികളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം

ആരംഭിച്ചിരുന്നു. ബോയിംഗ് 787-8 ഡ്രീംലൈനർ

വിഭാഗത്തിൽപ്പെട്ട വിമാനമാണ് അഹമ്മദാബാദിൽ ഇന്നലെ തകർന്നു വീണത്.

************************

## REV. AIR INDIA CRASH

വിമാന അപകടത്തിൽ എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചു. അന്താരാഷ്ട്ര നിയമത്തിന് അനുസൃതമായിട്ടായിരിക്കും അന്വേഷണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു പറഞ്ഞു. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും വ്യോമ സുരക്ഷ ഉറപ്പാക്കാനും, വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപികരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

************************

## PLAIN CRASH Survior (INTRO)

ലോകത്തെ നടുക്കിയ വിമാന അപകടത്തിൽ നിന്ന് എങ്ങനെ രക്ഷപ്പെട്ടെന്ന് വിശ്വസിക്കാനാവാത്ത അവസ്ഥയിലാണ് അപകടത്തെ അതിജീവിച്ച ഏക യാത്രക്കാരാനായ വിശ്വാസ് കുമാർ രമേശ്. ടേക് ഓഫ് നടന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ വിമാനത്തിന് തകരാർ സംഭവിക്കുകയായിരുന്നു. താനിരുന്ന വശത്തെ വാതിൽ ഇളകി മാറിയതോടെയാണ് രക്ഷപ്പെടാൻ കഴിഞ്ഞതെന്നും വിശ്വാസ് കുമാർ പറയുന്നു.
(ഹോൾഡ് വോയ്സ്)

************************

## Veena George (INTRO)

വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശി രഞ്ജിത ഗോപകുമാരൻ നായരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. രഞ്ജിതയുടെ വീട്ടിലെത്തിയ അദ്ദേഹം ബന്ധുക്കളുമായി സംസാരിച്ചു. മന്ത്രി വീണ ജോർജ് ഇന്ന് രഞ്ജിതയുടെ വീട്ടിലെത്തി

കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. മൃതദേഹം നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആശയവിനിമയം നടത്തിയതായും മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് പറഞ്ഞു

(ഹോൾഡ് വോയിസ്)

************************

## ISRAEL-IRAN STRIKES

ഇറാൻറെ ആണവ പദ്ധതിയെയും മുതിർന്ന സൈനിക നേതാക്കളെയും ലക്ഷ്യമിട്ട് ഇസ്രായേൽ ഇന്നലെ രാത്രി അപ്രതീക്ഷിത ആക്രമണം നടത്തി. സൈനിക നടപടി നീണ്ടുനിൽക്കുമെന്നും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വ്യക്തമാക്കി. പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യങ്ങളെ കൂടുതൽ കലുഷിതമാക്കുന്ന നീക്കമാണ് ഇസ്രയേലിൻറെ ഭാഗത്തു നിന്നുണ്ടായത്. ആക്രമണങ്ങളിൽ ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കമാൻഡർ-ഇൻ-ചീഫ് ജനറൽ ഹൊസൈൻ സലാമി, സായുധ സേനാ മേധാവി മുഹമ്മദ് ബാഗേരി, ആണവോർജ്ജ സംഘടനയുടെ മുൻ തലവൻ ഫെറെദൂൺ അബ്ബാസി എന്നിവർ കൊല്ലപ്പെട്ടതായാണ് വിവരം. ഇറാൻറെ മിസൈൽ പദ്ധതി കേന്ദ്രമായ നതാൻസ് ആണവ കേന്ദ്രം ആക്രമിച്ചതായും നെതന്യാഹു പറഞ്ഞു. ഇറാന് നേർക്കുള്ള ആക്രമണങ്ങൾക്ക് പിന്നാലെ ഇസ്രായേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇറാനും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ വ്യോമാതിർത്തി അടച്ചിടാൻ തീരുമാനിച്ചതായി അറിയിച്ചു. എന്നാൽ ഇസ്രായേൽ ഏകപക്ഷീയമായ നടപടിയാണ് സ്വീകരിച്ചതെന്നും അമേരിക്കയ്ക്ക് ആക്രമണങ്ങളിൽ പങ്കില്ലെന്നും യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ വ്യക്തമാക്കി.

************************

## INDIAN EMBASSIES- ISRAEL IRAN

ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് ഇന്ത്യ. സംഘർഷ നടപടികൾ ഇരുരാജ്യങ്ങളും ഒഴിവാക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. ഇസ്രായേലിലും ഇറാനിലുമുള്ള ഇന്ത്യക്കാർ ജാഗ്രത പാലിക്കാനും, സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാനും ഇന്ത്യൻ എംബസി നിർദേശം നൽകി. ഇസ്രായേൽ - ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പതിനാറ് അന്താരാഷ്ട്ര വിമാന സർവീസുകൾ എയർ ഇന്ത്യ വഴിതിരിച്ച് വിട്ടു.

***********************

## Nilamboor-Election

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് ആറ് ദിവസം മാത്രം ശേഷിക്കെ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽഡിഎഫ് പ്രചാരണത്തിനായി മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്ന് മുതൽ മൂന്ന് ദിവസം നിലമ്പൂരിൽ തുടരും. അഹമ്മദാബാദ് അപകടത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ പ്രചാരണ പരിപാടികൾ ഞായറാഴ്ചയിലേക്ക് മാറ്റി. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

***********************

## Wayanad-HIghcourt

2005 ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാാം വകുപ്പ് ഒഴിവാക്കി നിയമം ഭേദഗതി ചെയ്തതിനാൽ വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സാധിക്കില്ലെന്ന കേന്ദ്ര സർക്കാർ വാദത്തെ വിമർശിച്ച് ഹൈക്കോടതി.

വിഷയത്തിൽ, ജസ്റ്റിസുമാരായ എ കെ ജയശങ്കരൻ നമ്പ്യാർ, പി എം മനോജ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് വാദം കേട്ടത്. വായ്പ എഴുതി തള്ളാൻ സാധിക്കുമോ എന്നത് മൂന്ന് ആഴ്ചയ്ക്കകം അറിയിക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു. 13-ാം വകുപ്പ് ഒഴിവാക്കിയത് സംബന്ധിച്ച് കഴിഞ്ഞ ദിവസം കേന്ദ്രം ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു.

************************

## RAIN-KERALA

കേരളത്തിൽ കാലവർഷം സജീവം. അടുത്ത നാല് ദിവസം കനത്ത മഴയും ശക്തമായ കാറ്റും ഉണ്ടാകുമെന്ന് മുന്നറിയിപ്പുണ്ട്. വടക്കൻ ജില്ലകളിൽ കൂടുതൽ ജാഗ്രത വേണമെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശിച്ചു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

************************

## Karnataka Rain

കർണാടകയുടെ തീരമേഖലകളിലടക്കം കനത്ത മഴ തുടരുന്നു. ബെലഗാവി, ധാർവാഡ്, ചിക്മഗളൂർ, കുടക്, തുടങ്ങിയവിടങ്ങളിൽ ശക്തമായ കാറ്റോട് കൂടിയ കനത്ത മഴയാണ് അനുഭവപ്പെടുന്നത്. ഈ മാസം 18 വരെ വിവിധ ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. തീരദേശ കർണാടകയിൽ നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

************************

## RBI REVISES GUIDELINES

പ്രവർത്തനരഹിതമായ അക്കൗണ്ടുകളും ക്ലെയിം ചെയ്യാത്ത നിക്ഷേപങ്ങളും സജീവമാക്കുന്നതിന് കെ.വൈ.സി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കാൻ റിസർവ് ബാങ്ക് എല്ലാ ബാങ്കുകൾക്കും നിർദേശം നൽകി. നേരിട്ടെത്താൻ അസൗകര്യമുള്ളവർക്കു വീഡിയോ-കസ്റ്റമർ ഐഡന്റിഫിക്കേഷൻ പ്രക്രിയയിലൂടെ കെ.വൈ.സി അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യം നൽകണമെന്നും ആർ.ബി.ഐ നിർദേശിച്ചു.

************************

******************

************